**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2972** **25-06-2024 - ൽ മറുപടിയ്ക്ക്**

**മങ്കടയിലെ നദീതീര സംരക്ഷണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നദീതീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലുണ്ടാകുന്ന അലംഭാവം മൂലം സംസ്ഥാനത്ത് നദീതീരങ്ങൾ ഇടിഞ്ഞു താഴുന്നതിനും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയാൻ കഴിയാത്തതിനും ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കഴിഞ്ഞ കുറേ വർഷങ്ങളിൽ സംസ്ഥാനത്ത് വളരെ വലിയതോതിലുള്ള മഴ ലഭിച്ചുവരികയാണ്. ആയത് സ്വാഭാവികമായും വൻ തോതിലുള്ള നാശനഷ്ടങ്ങൾക്ക് കാരണമാകുന്നുണ്ട്. നാശനഷ്ടങ്ങൾ തടയുന്നതിനായി പരമാവധി സംരക്ഷണ പ്രവൃത്തികൾ വകുപ്പ് നടപ്പിലാക്കി വരികയാണ്. |
| (ബി) | മങ്കട നിയോജകമണ്ഡലത്തിൽ കടലുണ്ടി പുഴയുടെ തീരം ഇടിഞ്ഞുതാഴുന്നത് സംരക്ഷണ ഭിത്തി കെട്ടി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശവും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കുമോ; | (ബി) | മങ്കട നിയോജക മണ്ഡലത്തിൽ കടലുണ്ടിപ്പുഴയുടെ തീരം ഇടിഞ്ഞു താഴുന്നത് സംരക്ഷണ ഭിത്തി കെട്ടി തടയുന്നതിന് 4 പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. 5 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1,2 ആയി ചേർക്കുന്നു. |
| (സി) | മണ്ഡലത്തിലെ പടിഞ്ഞാറ്റുമുറി കീഴ്തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടി പുഴയോട് ചേർന്നുള്ള ഭാഗം ശക്തമായ മഴയിൽ ഇടിഞ്ഞ് താഴ്ന്നതിനാൽ ആയത് സംക്ഷിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മങ്കട മണ്ഡലത്തിലെ പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോട് ചേർന്നുള്ള ഭാഗം ശക്തമായ മഴയിൽ ഇടിഞ്ഞുതാഴ്ന്നതിനാൽ ആയത് സംരക്ഷിക്കുന്നതിനായി 58 ലക്ഷം രൂപ ചെലവ് കണക്കാക്കുന്ന 'Protecting the left bank of Kadalundi river near Keezhthrikkovil Temple at upstream of Anappara Checkdam in Koottilangadi Panchayath in Mankada LAC in Malappuram District.' എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവർത്തിയുടെ മുൻഗണനയും കണക്കിലെടുത്ത് പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുള്ളത്

| | | |
|---|---|---|
| 1 | RMF-മലപ്പുറം ജില്ലയിൽ മങ്കട നിയോജക മണ്ഡലത്തിൽ കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിൽ പടിഞ്ഞാറ്റുമുറിയിൽ പനമ്പറ്റ കടവിന് സമീപം കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണം | പ്രവൃത്തി RMF – ൽ ഉൾപ്പെടുത്തി 26-12-2019 ന് പൂർത്തീകരിച്ചു. |
| 2 | SDRF- മലപ്പുറം ജില്ലയിൽ മങ്കട നിയോജക മണ്ഡലത്തിൽ കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിൽ പടിഞ്ഞാറെമണ്ണ നെച്ചിക്കുറ്റിയിൽ (രണ്ടാം ഘട്ടം) 426 എ എന്ന വീടിന് സമീപം വാർഡ് പതിനേഴിൽ കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണം (2021/4291/IA) | പ്രവൃത്തി SDRF ൽ ഉൾപ്പെടുത്തി 28-01-2023 ന് പൂർത്തീകരിച്ചു |
| 3 | മലപ്പുറം ജില്ലയിൽ മങ്കട നിയോജക മണ്ഡലത്തിൽ കൂട്ടിലങ്ങാടി പഞ്ചായത്തിൽ വാർഡ് നമ്പർ 17 വീട്ട് നമ്പർ 17/285 എ & 17/285 സി പടിഞ്ഞാറെമണ്ണ നെച്ചിക്കുറ്റിയിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണഭിത്തി നിർമ്മാണം. | പ്രവൃത്തി FC ൽ ഉൾപ്പെടുത്തി 17-03-2023 ന് പൂർത്തീകരിച്ചു (IRR/IA/EST/1831/2022_5_1_1) |
| 4 | മലപ്പുറം ജില്ലയിൽ മങ്കട നിയോജക മണ്ഡലത്തിൽ കൂട്ടിലങ്ങാടി പഞ്ചായത്തിൽ കൂട്ടപ്പുറം കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണഭിത്തി നിർമ്മാണം. | പ്രവൃത്തി FD ൽ ഉൾപ്പെടുത്തി 29-05-2024 ന് പൂർത്തീകരിച്ചു |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്

| | |
|---|---|
| 1 | മങ്കട നിയോജക മണ്ഡലത്തിലെ കൂട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ ചെക്കുഡാമിന്റെ മുകൾ ഭാഗത്തായി, കീഴ് തൃക്കോവിൽ ക്ഷേത്രത്തിന് സമീപം കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണം.( Price ID IRR/IA/EST/6654/2022_5_1_1)- 58 ലക്ഷം |
| 2 | മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവ് ചെക്കുഡാമിന്റെ താഴ്ഭാഗത്തായി മാടശ്ശേരിക്കുണ്ട് ഭാഗത്ത്, കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണം (Price Id - IRR/IA/EST/7298/2022_5_1_1)- 39 ലക്ഷം |
| 3 | മലപ്പുറം ജില്ലയിലെ മങ്കട നിയോജക മണ്ഡലത്തിലെ കൂട്ടിലങ്ങാടി പഞ്ചായത്തിലെ R S No.109/1, വാർഡ് നമ്പർ.17 ൽ, പടിഞ്ഞാറെമണ്ണ ഭാഗത്ത് കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണം (Price Id - IRR/IA/EST/7878/2022_5_1_1)- 25 ലക്ഷം |
| 4 | മലപ്പുറം ജില്ലയിലെ മങ്കട നിയോജക മണ്ഡലത്തിലെ കൂട്ടിലങ്ങാടി പഞ്ചായത്തിൽ ഉന്നംതല പമ്പ് ഹൗസിന് മുകൾ ഭാഗത്ത് കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണം [ IRR/IA/EST/6744/2022_5_1_1 ] – 39 ലക്ഷം |
| 5 | മലപ്പുറം ജില്ലയിലെ മങ്കട നിയോജക മണ്ഡലത്തിലെ കൂട്ടിലങ്ങാടി പഞ്ചായത്തിലെ വാർഡ് 1 ൽ, സർവ്വേ നമ്പർ. 78/8,78/2 ൽ പനമ്പറ്റക്കടവ് പാലത്തിന് മുകൾ ഭാഗത്ത്കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണം [ IRR/IA/EST/58/2024_5_1_1 ] – 92 .30 ലക്ഷം |

**സെക്ഷൻ ഓഫീസർ**